മൃഗസംരക്ഷണ വകുപ്പ് കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

128 (194) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പിലാക്കിയ ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും, ഇതുമായി ബന്ധപ്പെട്ട് വ്യക്തികൾക്കോ, ഗ്രൂപ്പുകൾക്കോ സംഘടനകൾക്കോ അനുവദിച്ച ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്.

1. ക്രോസ് ബ്രീഡിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം.
2. മൃഗചികിത്സാ സേവനങ്ങളുടെ പുനഃസംഘടനയും ശക്തിപ്പെടുത്തലും.
3. സമഗ്ര ക്ഷീരവികസന പദ്ധതി.
4. കുടുംബശ്രീ മുട്ടക്കോഴിവളർത്തൽ.
5. മാങ്കാവ് മൃഗാശുപത്രിക്കും ഐ.സി.ഡി.പി.-കൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി.
6. കന്നുകുട്ടി പരിപാലന പദ്ധതി.
7. പൗൾട്രി ഉല്പാദന വികസനം.
8. അസ്കാഡ്-ബോധവൽക്കരണ പദ്ധതി.
9. പന്നി വളർത്തൽ പദ്ധതി.
10. ക്രോസ് ബ്രീഡിംഗ് പ്രവർത്തനങ്ങളുടെ താലൂക്കുതല ബോധവൽക്കരണ ക്യാമ്പ്.
11. പരിശീലന പരിപാടികൾ.
12. ആട് വളർത്തൽ.
13. പന്നി വളർത്തൽ.
14. രാഷ്ട്രീയ കൃഷി വികാസ്യോജന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

15. പരിശീലന പദ്ധതി.

16. അടുക്കളമുറ്റത്ത് കോഴി വളർത്തൽ.

17. പേ വിഷബാധ നിർമ്മാർജ്ജന ക്യാമ്പ്.

18. മൃഗാശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തൽ.

19. ഭക്ഷ്യസുരക്ഷാ പദ്ധതി.

20. സമഗ്ര ക്ഷീര വികസന പദ്ധതി.

21. കുടുംബശ്രീ -അയൽക്കൂട്ടം മുഖേന മുട്ടക്കോഴി വളർത്തൽ.

22. ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി കാലിത്തീറ്റ.

2010-11 വർഷത്തേക്കുള്ള പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കിവരുന്നു.

(ബി) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിലെ പദ്ധതി നടത്തിപ്പിന് പഞ്ചായത്തുകൾക്ക് നൽകിയ തുക അനുബന്ധമായി ചേർക്കുന്നു.*

മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിച്ചവരെ സ്ഥിരപ്പെടുത്താൻ നടപടി

129 (195) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008 ജനുവരി മുതൽ 6 മാസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ജോലി ചെയ്തവരെ 31-8-2010-ലെ 23/10/AC എന്ന് സർക്കുലർ പ്രകാരം സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാരെ ഇതുവരെ സ്ഥിരപ്പെടുത്താത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ഫാമുകളിൽ ദിവസ വേതനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി ചെയ്യുന്ന/ ചെയ്തിരുന്ന തൊഴിലാളികളെ കാഷ്വൽ/സ്ഥിരം തൊഴിലാളികളുടെ ഒഴിവു വരുന്ന തസ്തികകളിൽ നിയമിക്കുന്നതിന് അനുമതി നൽകി 31-8-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 231/10/എ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ 24-8-2006-ന് മുൻപും അതിനു ശേഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തിരുന്ന 17 ദിവസ വേതന തൊഴിലാളികളുടെ ലിസ്റ്റിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly